ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 112 പൊതുമേഖലാ സ്ഥാപനങ്ങളിൽ 91 പൊതുമേഖലാ സ്ഥാപനങ്ങളെ പലപ്പോഴായി പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) സർക്കാരിന്റെ 28-2-1992-ലെ 14898/ബിപിഇ2/91/പ്ലാനിംഗ് നമ്പർ സർക്കുലർ, 20-9-1997-ലെ 16340/ബിപിഇ 2/96/പ്ലാനിംഗ് നമ്പർ സർക്കുലർ എന്നിവ പ്രകാരം പ്രതിമാസം 2000 രൂപയ്ക്ക് താഴെ അടിസ്ഥാന ശമ്പളമുള്ള തസ്തികകളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ വരുന്നത്. പ്രതിമാസം 2000 രൂപയും അതിനുമുകളിലും അടിസ്ഥാന ശമ്പളമുള്ള മാനേജിരിയൽ/പ്രൊഫഷണൽ തസ്തികകളിലേക്കുള്ള നിയമനങ്ങൾ ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. അതുപോലെത്തന്നെ പ്രതിമാസം 2000 രൂപയ്ക്ക് താഴെ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ ഏതെങ്കിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ വരാത്തതായുണ്ടെങ്കിൽ അവയിലേക്കുള്ള നിയമനങ്ങളും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. ഇപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട് നിയമനം നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വ്യവസ്ഥകളും സർക്കാരിന്റെ 28-2-1992-ലെ 14896/ബിപിഇ2/91/പ്ലാനിംഗ് നമ്പർ സർക്കുലറിലും 18-1-1997-ലെ 11119/ബിപിഇ2/96/പ്ലാനിംഗ് നമ്പർ സർക്കുലറിലും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

വെട്ടിക്കുറച്ചതും സൃഷ്ടിച്ചതുമായ തസ്തികകൾ

31 [3406] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വകുപ്പിലും എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതു വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(സി) 2001 മേയ്മാസം മുതൽ ഇതുവരെയുള്ള കാലയളവിൽ ഇതിൽ വിവിധ വകുപ്പുകളിലായി നികത്തപ്പെടാതെ കിടക്കുന്ന റിട്ടയർമെന്റ് വേക്കൻസിയിലെ തസ്തികകളുടെ എണ്ണവും തസ്തികകളെ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 53 വകുപ്പുകളിലായി 3570 തസ്തികകളും, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിൽ 23 തസ്തികകളും, ധനവകുപ്പിൽ 49 തസ്തികകളും ഉൾപ്പെടെ 3642 തസ്തികകൾ വെട്ടിക്കുറച്ച് ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധം (എ, ബി. സി.)-യിൽ കൊടുത്തിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിൽ നിയമനം

32 [3407] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ:

,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിൽ ഇതേവരെ എത്രപേരെ നിയമിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) 2004 ജൂലൈ 25 വരെ കെ. എസ്. ഇ. ബി., പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് ചെയ്തിട്ടുള്ളവരിൽ നിയമിക്കാൻ ബാക്കിയുള്ള റാങ്കുകാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിലായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും മസ്ദൂർ തസ്തികയിൽ 3755 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) 2004 ജൂലായ് 21 വരെ വിവിധ ജില്ലകളിലായി 3766 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു.

(സി) പി. എസ്. സി. ശുപാർശ ചെയ്യുന്നതനുസരിച്ച് നിയമന നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly